മാതൃഭൂമി

13 March 2023

# ഇന്ത്യയിൽ മത്സ്യമേഖലയിൽ കാർബൺ നിർഗമനം കുറവെന്ന് പഠനം

കൊച്ചി ▸ ഇന്ത്യയുടെ സമുദ്രമത്സ്യമേഖലയിൽ നിന്നുള്ള കാർബൺ നിർഗമനം ആഗോളതലത്തിലേക്കാൾ വളരെ കുറവെന്ന് പഠനം.

കടലിൽനിന്നും ഒരു ടൺ മീൻ ഉത്പാദിപ്പിക്കുമ്പോൾ 1.32 ടൺ കാർബൺ ഡയോക്സൈഡാണ് ഇന്ത്യ പുറത്തുവിടുന്നതെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം വ്യക്തമാക്കി.

കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ കുറയ്ക്കുന്നതിനായി ദേശീയ കാർഷിക ഗവേഷണ കേന്ദ്രം നടപ്പിലാക്കുന്ന നാഷണൽ ഇന്നൊവേഷൻസ് ഇൻ ക്ലൈമറ്റ് റെസിലിയന്റ് അഗ്രികൾച്ചർ (നിക്ര) ഗവേഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ ചേർന്ന യോഗത്തിലാണ് ഈ കണക്കുകൾ അവതരിപ്പിച്ചത്.

ഐ.സി.എ.ആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. എസ്.കെ. ചൗധരി അധ്യക്ഷത വഹിച്ചു.

ഡോ. ഗ്രിൻസൺ ജോർജ്, നിക്ര വിദഗ്ധ സമിതി അധ്യക്ഷൻ ഡോ. ബി. വെങ്കടേശ്വരുലു, ഡോ. കെ.കെ. വാസ്, ഡോ. വി.കെ. സിങ്, ഡോ. എം. പ്രഭാകർ എന്നിവർ സംസാരിച്ചു.